പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 24 — 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ. ആന്റണി ജോൺ
" എ. പ്രദീപ്കുമാർ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ.ഡി. പ്രസേനൻ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകാൻ സാധിക്കാത്ത വിധം കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണുദ്ദേശിക്കുന്നത്; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ ചെലവിലെ ഒരു പ്രധാനപ്പെട്ട ഇനം കടത്തിന്റെ തിരിച്ചടവാണ്. ടി തിരിച്ചടവിൽ മാറ്റംവരുത്തുന്നതിനായി കൂടിയ പലിശ നിരക്കിലും ഹ്രസ്വകാലാവധിയുള്ളതുമായ വായ്പകളെ കുറഞ്ഞ പലിശനിരക്കിലും കൂടിയ കാലാവധിയുള്ളതുമായ വായ്പകളാക്കി മാറ്റുന്നതിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വായ്പാ പുനഃക്രമീകരണം നടപ്പിലാക്കിയാൽ ശമ്പളവും പെൻഷനും മുടക്കംകൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | | |
| (സി) | സർക്കാർ മുൻപ് പ്രഖ്യാപിച്ച സമ്പൂർണ്ണ പുനരുദ്ധാരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണ പാക്കേജ് സർക്കാർ പരിശോധിച്ചുവരികയാണ്. തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ